നമ്പർ.ബി.1/29/റ്റി.സി./2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി 08.05.2022

## സർക്കുലർ നമ്പർ.6/2022

വിഷയം: **മോട്ടോർ വാഹന വകുപ്പ്** — നികുതി കുടിശികയുള്ള വാഹനങ്ങളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി - നിർദ്ദേശങ്ങൾ നൽകുന്നത് — സംബന്ധിച്ച്.

സൂചന:
1. സർക്കുലർ നമ്പർ 9/2012, സർക്കുലർ നമ്പർ 30/2016
2. സർക്കാരിന്റെ 01.04.2022 -)൦ തീയതിയിലെ ജി.ഒ.(പി). നമ്പർ.11/2022/ ഗതാഗതം നമ്പർ ഉത്തരവ്

നാല് വർഷമോ അതിൽ കൂടുതലോ കാലയളവിലേയ്ക്ക് നികുതി കുടിശ്ശിക ഉള്ളതായ എല്ലാ മോട്ടോർ വാഹനങ്ങളുടേയും കുടിശ്ശിക നികുതി ഒറ്റത്തവണയായി സ്വീകരിക്കുന്നതിന് സർക്കാർ സൂചന(2) പ്രകാരം ഉത്തരവായിരിക്കുകയാണ്. ഈ പദ്ധതി കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയത് വൻ വിജയമായതിന്റേയും, ആയിരക്കണക്കിന് വാഹനങ്ങളുടെ നികുതി കുടിശ്ശിക ലഭിച്ചതിന്റേയും അടിസ്ഥാനത്തിലാണ് സർക്കാർ വീണ്ടും ഈ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 4 വർഷത്തിലേറെ കുടിശ്ശിക വരുത്തിയിട്ടുള്ള മുഴുവൻ വാഹനങ്ങളുടേയും കുടിശ്ശിക ഈ പദ്ധതി വഴി പിരിച്ചെടുക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുകയാണ്.

1. 31.03.2022 വരെ നാല് വർഷമോ അതിൽ കൂടുതലോ നികുതി കുടിശ്ശികയുള്ള വാഹനങ്ങൾക്ക് (അതായത് 01.04.2018 -ന ശേഷമുള്ള കാലയളവിലേയ്ക്ക് നികുതി അടച്ചിട്ടില്ലായെങ്കിൽ) മാത്രമേ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിക അടയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ. ഇവയിൽ ട്രാൻസ്പോർട്ട വാഹനങ്ങൾക്ക് 4 വർഷത്തിൽ കൂടുതൽ എത്ര കുടിശ്ശികയുണ്ടെങ്കിലും അവസാനത്തെ 4 വർഷത്തെ (01.04.2018 മുതൽ 31.03.2022 വരെ) നികുതിയും അഡീഷണൽ ടാക്സും പലിശയും ഉൾപ്പെടെയുള്ള ആകെ തുകയുടെ 30 % മാത്രമേ നികുതിയായി ഈടാക്കുവാൻ പാടുള്ളൂ. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഇത് 40 % ആയിരിയ്ക്കും. എന്നാൽ ഒരു വാഹനം രജിസ്റ്റർ ചെയ്തശേഷം നികുതി ഒന്നും അടച്ചിട്ടില്ലായെങ്കിൽ ഈ സൗജന്യം അനുവദിയ്ക്കുവാൻ പാടുള്ളതല്ല.

2. 4 വർഷമോ അതിൽ കൂടുതലോ കാലം നികുതി കുടിശ്ശിക ഉണ്ടായിരുന്നതും എന്നാൽ റവന്യൂ റിക്കവറി വഴി 01-04-2018 ന് ശേഷമുള്ള കാലയളവിലേക്ക് (31.03.2022 ന് മുൻപ് വരെ) ഭാഗികമായോ പൂർണ്ണമായോ കുടിശ്ശിക ഈടാക്കിയിട്ടുള്ളതുമായ വാഹനങ്ങൾക്ക് 31.03.2022 വരെയുള്ള ബാക്കി വരുന്ന കാലഘട്ടത്തിലേക്ക് നികുതി കുടിശ്ശിക ഉണ്ടെങ്കിൽ അതും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി സ്വീകരിക്കാവുന്നതാണ്. ഇത്തരം വാഹനങ്ങൾക്ക് അവസാനത്തെ 4 വർഷത്തെ നികുതി കണക്കാക്കിയ ശേഷം 01.04.2018 മുതലുള്ള കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി വഴി ഈടാക്കിയ തുക കുറച്ച് ബാക്കി വരുന്ന തുകയുടെ 30% (നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 40%) ആണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി സ്വീകരിക്കേണ്ടത്. എന്നാൽ 01.04.2018 -ന് മുൻപുള്ള കാലയളവിലേക്ക് റവന്യൂ റിക്കവറി വഴി നികുതി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് അവസാനത്തെ 4 വർഷത്തെ നികുതി നിർണ്ണയിക്കുമ്പോൾ കണക്കിലെടുക്കുവാൻ പാടില്ല.

3. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31.03.2018 വരെയുള്ള കുടിശിക നികുതി പൂർണമായും ഒഴിവാക്കുന്നതാണ്.

4. ജി.ഫോം. വഴിയോ അല്ലാതെയോ 31.03.2022 വരെയുള്ള അവസാനത്തെ 4 വർഷത്തിനുള്ളിൽ ഒരു വാഹനത്തിന് നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ, ടി കാലയളവിലേക്ക് 31.03.2018 —ന് മുൻപുള്ള കുടിശിക നികുതി ഉൾപ്പെടുത്തി വേണം ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരമുള്ള തുക കണക്കാക്കേണ്ടത്.

[വിശദീകരണം:- ഒരു വാഹനത്തിന് അവസാനത്തെ നാല് വർഷത്തിനുള്ളിൽ ഏതെങ്കിലും ക്വാർട്ടറിലേക്ക് നികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ കുറഞ്ഞ നിരക്കിൽ (idle/NTV rate ഉൾപ്പെടെ)നികുതി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവിലേയ്ക്ക് ടി വാഹനത്തിന് നാല് വർഷത്തിനു മുമ്പ് ഉണ്ടായിരുന്ന യഥാർത്ഥ കുടിശ്ശിക (കുടിശ്ശിക ഉണ്ടെങ്കിൽ മാത്രം) ചേർക്കേണ്ടതാണ്. അതായത് ഒരു സ്റ്റേജ് കാര്യേജിന് 01.04.2019 മുതൽ 30.09.2019 (2 ക്വാർട്ടർ) വരെ idle rate (NTV rate) -ൽ നികുതി കുടിശ്ശിക ഉണ്ട്. എന്നാൽ ടി വാഹനത്തിന് 01.04.2018 —ന് മുമ്പ് 4 ക്വാർട്ടർ സ്റ്റേജ് കാര്യേജ് റേറ്റിൽ നികുതി കുടിശ്ശിക ഉണ്ടെങ്കിൽ അതിലെ രണ്ട് ക്വാർട്ടർ സ്റ്റേജ് കാര്യേജ് റേറ്റിലുള്ള കുടിശ്ശിക idle rate-ന്റെ സ്ഥാനത്ത് (01.04.2019 മുതൽ 30.09.2019 വരെ) ഉൾപ്പെടുത്തി വേണം നാല് വർഷത്തെ

നികുതി കുടിശ്ശിക കണക്കാക്കേണ്ടത്. എന്നാൽ, ടി വാഹനത്തിന് 01.04.2018-ന് മുമ്പ് കുടിശ്ശിക നികുതി ഇല്ലായെങ്കിൽ ഇത് പരിഗണിയ്ക്കേണ്ടതില്ല. അതുപോലെതന്നെ ഒരു കോൺട്രാക്ട് കാര്യേജിന് 01.01.2020 മുതൽ 31.12.2020 —വരെയുള്ള (ഒരു വർഷത്തേക്ക്) നികുതി ജി. ഫോം. വഴി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ, ഇതേ വാഹനത്തിന് 01.01.2018 -ന് മുമ്പ് ഒരു ക്വാർട്ടർ മാത്രം നികുതി കുടിശ്ശിക ഉണ്ടെങ്കിൽ ആ ഒരു ക്വാർട്ടർ നികുതി 01.01.2020 മുതൽ 31.12.2020 വരെയുള്ള കാലയളവിൽ ഉൾപ്പെടുത്തി വേണം അവസാന നാല് വർഷത്തെ നികുതി കുടിശ്ശിക നിർണ്ണയിയ്ക്കേണ്ടത്. എന്നാൽ, 01.04.2018 -ന് മുമ്പ് 2 ക്വാർട്ടർ നികുതി കുടിശ്ശിക ഉണ്ടെങ്കിൽ ടി 2 ക്വാർട്ടർ നികുതി മാത്രം 01.01.2020 മുതൽ 31.12.2020 വരെ കാലയളവിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തേണ്ടതാണ്.]

5. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി 31.03.2022 വരെയുള്ള കുടിശ്ശിക നികുതിയാണ് സ്വീകരിയ്ക്കേണ്ടത്. ഈ നികുതി സ്വീകരിയ്ക്കുന്നതിന് ആർ.സി. ബുക്ക്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, വെൽഫയർ ഫണ്ട് അടച്ച രസീത് എന്നിവ സമർപ്പിയ്ക്കേണ്ടതില്ല. വാഹന ഉടമയോ അയാൾ അധികാരപ്പെടുത്തിയ വ്യക്തിയോ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിക അടയ്ക്കുന്നതിന് സമീപിച്ചാൽ ടാക്സ് സ്വീകരിയ്ക്കേണ്ടതും രസീത് നൽകേണ്ടതുമാണ്. അതുപോലെതന്നെ വാഹനത്തെ സംബന്ധിച്ച് വാഹന ഉടമയ്ക്ക് യാതൊരുവിധ വിവരവും (whereabouts of the vehicle) ഇല്ലെങ്കിലോ, വാഹനം മോഷണം പോയെങ്കിലോ, വാഹനം പൊളിച്ച് കളഞ്ഞുവെങ്കിലോ (Dismantled) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31.03.2022 വരെ നികുതി കുടിശ്ശിക അടച്ച ശേഷം 100/- രൂപയുടെ മുദ്ര പത്രത്തിൽ Annexure പ്രകാരമുള്ള ഒരു സത്യവാങ്മൂലം സമർപ്പിയ്ക്കുകയാണെങ്കിൽ 01.04.2022 മുതൽ ടി വാഹനത്തിനുണ്ടാകാവുന്ന നികുതി ബാധ്യതകൾ ഒഴിവാക്കുന്നതാണ്. എന്നാൽ, ഭാവിയിൽ ഈ വാഹനം സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപെട്ടാൽ ഈ വാഹനത്തിന് 01.04.2022 മുതലുള്ള നികുതി അടയ്ക്കേണ്ടതായിരിയ്ക്കും.

6. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്ന വ്യക്തികളിൽ നിന്നും Registration Certificate ഓഫീസിൽ surrender ചെയ്യുവാൻ ആവശ്യപ്പെടാനോ Registration cancel ചെയ്യുവാനോ പാടുള്ളതല്ല. ഭാവിയിലുള്ള നികുതി ബാധ്യതയിൽ നിന്നും വാഹന ഉടമ /വാഹനം കൈവശം വെച്ചിട്ടുള്ള വ്യക്തിയെ ഒഴിവാക്കുവാൻ മാത്രമെ

സാധിക്കുകയുള്ളു. വാഹനത്തെ സംബന്ധിച്ചുള്ള മറ്റെല്ലാ വിഷയങ്ങളിലേയും ബാധ്യത വാഹന ഉടമയ്ക്ക് മാത്രമായിരിക്കും.

7. വാഹനത്തിന് ചെക്ക് റിപ്പോർട്ട്, സെയിൽ ഇന്റിമേഷൻ തുടങ്ങിയ ഒബ്ജക്ഷൻ ഉണ്ടെങ്കിലും, വാഹനത്തിന് ഫൈനാൻസ് ഉണ്ടെങ്കിലും, വാഹനം ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിക അടയ്ക്കുന്നതിന് തടസ്സം ഉന്നയിക്കുവാൻ പാടുള്ളതല്ല. എന്നാൽ ചെക്ക് റിപ്പോർട്ട് / ബ്ലാക്ക് ലിസ്റ്റ് തീർപ്പ് കൽപ്പിച്ചതിനുശേഷം മാത്രമേ ഡിമാന്റ് സ്റ്റോപ്പ് ചെയ്യുവാൻ പാടുള്ളൂ. ഫൈനാൻസ് ഉള്ള വാഹനങ്ങളുടെ ഡിമാന്റ് സ്റ്റോപ്പ് ചെയ്യുന്നതിന് തടസ്സമില്ല.

8. എല്ലാ ഓഫീസിലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിക ഉള്ള വാഹനങ്ങൾ വകുപ്പിന്റെ Arrear list –ൽ നിന്നും ഒഴിവാക്കുന്നതിനായി വ്യക്തമായി ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. 4 വർഷമോ അതിൽ കൂടുതലോ കുടിശ്ശികയുള്ള എല്ലാ വാഹനങ്ങളുടേയും ഡിമാന്റ് നോട്ടീസ് വാഹൻ വഴി തയ്യാറാക്കേണ്ടതും പ്രസ്തുത ഡിമാന്റ് നോട്ടീസിൽ OTS പ്രകാരം അടയ്ക്കേണ്ട തുക വാഹൻ വഴി തന്നെ കണക്കാക്കി ഡിമാന്റ് നോട്ടീസിൽ താഴെ പറയും പ്രകാരം രേഖപ്പെടുത്തേണ്ടതാണ്.

"4 വർഷത്തിൽ കൂടുതൽ നികുതി കുടിശ്ശിഖ വരുത്തിയിട്ടുള്ള വാഹനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി അടയ്ക്കുന്നതിന് സർക്കാർ വീണ്ടും " ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി " ആവിഷ്കരിച്ചിരിയ്ക്കുകയാണ്. ഈ പദ്ധതി പ്രകാരം താങ്കളുടെ വാഹനത്തിന് വെറും ............................ രൂപ (വാഹനത്തിന്റെ 01.04.2018 മുതൽ 31.03.2022 വരെയുള്ള കുടിശ്ശികയുടെ ............ %) മാത്രം കുടിശ്ശിഖ നികുതിയായി അടയ്ക്കുകയാണെങ്കിൽ താങ്കളുടെ വാഹനത്തിന്റെ 31.03.2022 വരെയുള്ള കുടിശ്ശിഖ ഒഴിവാക്കി നൽകുന്നതാണ്. മാത്രമല്ല താങ്കളുടെ വാഹനം പൊട്ടിപ്പൊളിഞ്ഞു പോകുകയോ പൊളിച്ചു കളയുകയോ ചെയ്തിട്ടുണ്ടെങ്കിലോ ടി വാഹനത്തെ സംബന്ധിച്ച് താങ്കൾക്ക് യാതൊരു അറിവും ഇല്ലായെങ്കിലോ (whereabouts) ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിയ്ക്കുന്ന സത്യവാങ്മൂലം സമർപ്പിയ്ക്കുകയാണെങ്കിൽ (100 രൂപ മുദ്ര പത്രത്തിൽ) ഈ വാഹനത്തിൽ നിന്നും ഭാവിയിൽ ഉണ്ടാകാവുന്ന നികുതി ബാധ്യത ഒഴിവാക്കി തരുന്നതാണ്."

9. ഡിമാന്റ് നോട്ടീസ് അയയ്ക്കുന്നതോടൊപ്പം സത്യവാങ്മൂലത്തിന്റെ (Annexure ) പകർപ്പും വാഹന ഉടമയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.

10. ഡിമാന്റ് നോട്ടീസിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട സർക്കിൾ ഓഫീസർക്ക് നൽകേണ്ടതും 7 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്. ഡിമാന്റ് നോട്ടീസ് നൽകി 30 ദിവസം കഴിഞ്ഞാൽ സർക്കുലർ 9/2012 പ്രകാരം നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു തുടങ്ങിയാലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക നികുതി അടയ്ക്കുവാൻ വാഹന ഉടമ തയ്യാറാകുകയാണെങ്കിൽ നികുതി സ്വീകരിക്കേണ്ടതും റവന്യൂ റിക്കവറി പിൻവലിക്കുന്നതിന് ബന്ധപ്പെട്ട തഹസീൽദാർക്ക് വ്യക്തമായ വിശദാംശങ്ങൾ രേഖപ്പെടുത്തി നിർദ്ദേശം കൊടുക്കുന്നതോടൊപ്പം റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന് അടയ്ക്കേണ്ടതായ തുക എന്തെങ്കിലും ഉണ്ടെങ്കിൽ അത് അടച്ച് രസീത് ഹാജരാക്കുവാൻ വാഹന ഉടമയ്ക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

11. One Time Settlement വഴി നികുതി കുടിശ്ശിക അടയ്ക്കുവാനുള്ള അവസാന കാലാവധി 31.03.2023 ആണ്. ആയതിനാൽ ഇന്നുമുതൽ 31.03.2023 വരെയുള്ള കാലയളവിൽ ഒന്നിടവിട്ടുള്ള ബുധനാഴ്ചകളിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഹെഡ് അക്കൗണ്ടന്റ് / ഹെഡ് ക്ലർക്ക്, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ഹെഡ് ക്ലർക്ക്, സീനിയർ സൂപ്രണ്ട്, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരും One Time Settlement നെ സംബന്ധിച്ച് അവലോകനം നടത്തേണ്ടതും താഴെ പറയുന്ന ഫോർമാറ്റിൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കും ട്രാൻസ്പോർട്ട് കമ്മീഷണർക്കും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

Name of Office . . .. . . . . . Date. . . . . . .

| Sl.No. | No. of D/N issued | No. of D/N served through Circle Officer | No. of vehicle for which arrear tax remitted through OTS | Amount of actual arrear of the vehicle specified in item (D) | Amount of arrears collected through OTS | Remarks |
|---|---|---|---|---|---|---|
| (A) | (B) | (C) | (D) | (E) | | |

12. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ സീനിയർ സൂപ്രണ്ടുമാർ എല്ലാ രണ്ടാഴ്ചയ്ക്കൊരിക്കലും അവരുടെ കീഴിലുള്ള സബ് ഓഫീസുകൾ പരിശോധിച്ച് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. അതുപോലെ തന്നെ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ഓഫീസിലെ സീനിയർ സൂപ്രണ്ടുമാരും രണ്ടാഴ്ചയിലൊരിക്കൽ അവരുടെ കീഴിലുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ പരിശോധിക്കേണ്ടതും One Time Settlement ന്റെ പുരോഗതിയെ സംബന്ധിച്ച് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് റിപ്പോർട്ട് നൽകേണ്ടതുമാണ്. മാസാമാസം നടക്കുന്ന DTC/TC കോൺഫറൻസുകളിൽ One Time Settlement ഒരു പ്രധാന അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.

13. വർഷങ്ങളായി കുടിശ്ശിക കിടക്കുന്നതും എന്നാൽ ഡിമാന്റിൽ നിന്നും ഒഴിവാക്കാൻ സാധികാത്തതുമായ വാഹനങ്ങളെ ഡിമാന്റിൽ നിന്നും പൂർണമായി ഒഴിവാക്കുന്നതിന് സഹായിക്കുന്ന സുവർണാവസരം ആണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള One Time Settlement. ആയതിനാൽ 31.03.2023 -നുള്ളിൽ പരമാവധി വാഹനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി മോട്ടോർ വാഹന വകുപ്പിന്റെ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശികയിൽ ഗണ്യമായ കുറവ് വരുത്താനാവശ്യമായ ഊർജ്ജിതമായ നടപടികൾ എല്ലാ ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്. മാത്രമല്ല One Time Settlement നെ സംബന്ധിച്ച് ദിനപത്രങ്ങൾവഴിയും ദൃശ്യമാധ്യമങ്ങൾ വഴിയും പ്രചാരണം നൽകേണ്ടതും എല്ലാ ഓഫീസുകളിലും നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതുമാണ്.

14. വാഹൻ വഴി ഒറ്റത്തവണ തീർപ്പാക്കൽ തുക എടുക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വാഹൻ നിലവിൽ വന്ന ശേഷം വാഹനം തുടർ ഉപയോഗത്തിനില്ലാ എന്ന സത്യവാങ്മൂലം നൽകുകയും തുടർന്ന് Smart Move/ വാഹൻ ബാലൻസ് ടാക്സ് ഓപ്ഷൻ വഴി OTS നികുതി കളക്ട് ചെയ്ത വാഹനങ്ങളെ ടാക്സ് "Defaulter List" ൽ നിന്നും ഒഴിവാക്കുന്നതിനായി താഴെ പറയുന്ന രീതിയിൽ നടപടിക്രമങ്ങൾ പരിഷ്കരിച്ച് ഉത്തരവാകുന്നു.

(i) വാഹൻ മുഖേന മാത്രമേ വൺ ടൈം സെറ്റിൽമെന്റ് ടാക്സ് സ്വീകരിക്കുവാൻ പാടുള്ളു.

(ii) ഓഫീസ് മൊഡ്യൂളിലെ Tax collection ആക്ഷൻ വഴി വൺടൈം സെറ്റിൽമെന്റ് ടാക്സ് കണക്കാക്കി ഓൺലൈൻ മുഖേന ഒടുക്കുവാനായി അപേക്ഷകന് ഐഡിയും പാസ്സ്‌വേർഡും നൽകേണ്ടതാണ്. ഓൺലൈൻ ഒടുക്കുവാൻ ഏതെങ്കിലും വിധം തടസ്സം നേരിടുന്ന പക്ഷം ഓഫീസ് അധികാരിയുടെ അനുമതിയോടെ ഓഫീസിൽ സ്വീകരിക്കാവുന്നതാണ്.

(iii) ഡാറ്റാ പോർട്ടിങ്ങിനു ശേഷം Smart move മുഖേനയോ വാഹനിലെ ബാലൻസ് ടാക്സ്/ വൺടൈം സെറ്റിൽമെന്റ് ഓപ്ഷൻ മുഖേനയോ OTS നികുതി അടയ്ക്കുകയും കൂടാതെ സത്യവാങ്മൂലം നൽകിയിട്ടുണ്ടെങ്കിൽ അവയെ തുടർ ടാക്സ് Defaulter List -ൽ നിന്നും ഒഴിവാക്കുന്നതിന് Entry Black List ആക്ഷനിലെ Complaint Type “One Time Tax Settlement” സെലക്ട് ചെയ്ത് Complaint എന്ന കോളത്തിൽ കളക്ട് ചെയ്ത വൺടൈം സെറ്റിൽമെന്റ് ടാക്സ് എന്റർചെയ്ത് തുടർ വാഹന നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(iv) വാഹനം തുടർ ഉപയോഗത്തിനുള്ളതാണെങ്കിൽ Release Black list എന്ന ഓപ്ഷൻ മുഖേന Release ചെയ്ത് തുടർ നികുതി അടക്കാവുന്നതാണ്.

(v) സത്യവാങ്മൂലം നൽകിയിട്ടുള്ള എല്ലാ വാഹനങ്ങളും ടാക്സ് ഡീഫോൾട്ടർ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്:-

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ (ചെക്ക്പോസ്റ്റ് )

ഐ.എൽ

മോട്ടോർ വാഹന വകുപ്പ്, കേരള

# Annexure

## സത്യവാങ്മൂലം

.......................................... ജില്ലയിൽ . . . . . . . .. . . . . . .താലൂക്കിൽ . . . . . . . .
..................... വീട്ടിൽ താമസം . . . . . . . . . മകൻ . . . . . . . . . ..വയസ്സ് . .. . .. . . . .
രജിസ്റ്ററിംഗ് അതോറിറ്റി/ടാക്സേഷൻ ഓഫീസർ മുമ്പാകെ . . . . . . . . . -)0 മാണ്ട് . . . . . .തീയതി
തയ്യാറാക്കി നൽകുന്ന സത്യവാങ്മൂലം.

എന്റെ ഉടമസ്ഥതയിലും/കൈവശത്തിലും/ഉപയോഗത്തിലിരുന്നതുമായ . . . . . . .. . . . . . . /
നിർമ്മിതവും .. . . . . . . . . . . . . .രജിസ്റ്റർ നമ്പറിലുള്ളതുമായ (തരവും, കമ്പനിയും) വാഹനത്തിന് 31.03.2022 കാലയളവുവരെ സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി നികുതി കുടിശ്ശിക അടച്ച് തീർത്തിരുന്നു. താഴെപറയുന്ന കാരണങ്ങളാൽ ടി വാഹനത്തിന്റെ തുടർന്നുള്ള നികുതി ബാധ്യതയിൽ നിന്ന് എന്റെ മേലും, എന്റെ സ്ഥാവര ജംഗമ വസ്തുക്കളിൻമേൽ നിന്നും ഒഴിവാക്കി തരുമാറാകണമെന്ന് അപേക്ഷിയ്ക്കുന്നു.

**( ബാധകമായത് മാത്രം വിശദമായി രേഖപ്പെടുത്തുക)**

1. വാഹനം തുടർ ഉപയോഗത്തിന് കഴിയാത്തവിധത്തിൽ ഉപയോഗ ശൂന്യമായതിനാൽ . .. . . . . . . . . . . . . . .. . . . . . . . . . . . . . .. .

2. വാഹനം പൂർണ്ണമായും നശിച്ചുപോകുകയും അവശിഷ്ടങ്ങൾ പൊളിച്ച് വിറ്റുകളഞ്ഞതിനാൽ . . . . . . . . . . . . . . . . . . . . . . . . . ............................. ..

3. വാഹനം മറ്റൊരു വ്യക്തിയ്ക്ക് വിൽക്കുകയും പിന്നീട് ടിയാനെക്കുറിച്ചോ, വാഹനത്തെക്കുറിച്ചോ അന്വേഷിച്ചതിൽ വ്യക്തമായ അറിവും, സൂചനകളും ലഭ്യമല്ലാത്തതിനാലും വാഹനം നിലവിൽ ഇല്ലാ എന്ന് വിശ്വസിയ്ക്കുന്നതിനാലും . . .. . . . . . . . . . . . . . . . .

4. വാഹനം . . . . . . . . . . . . . . . . തീയതി . . . . . . . . . . . . ..സ്ഥലത്തു നിന്നും മോഷണം പോയതിനാൽ ടി വാഹനത്തെക്കുറിച്ച് വിശദമായി അന്വേഷിച്ചിട്ടും കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ ..................................... .

മേൽ വിവരിച്ച കാര്യങ്ങൾ പൂർണ്ണമായും സത്യമാണെന്നും ആയതിന് വിരുദ്ധമായോ അസത്യമായോ എന്തെങ്കിലും കണ്ടുപിടിക്കപ്പെട്ടുകയോ, തെളിയിക്കപ്പെട്ടുകയോ ചെയ്താൽ, സർക്കാരിനും, മോട്ടോർ വാഹന വകുപ്പിനും ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും സാമ്പത്തിക ബാദ്ധ്യതകൾക്കും ഞാനും, എന്റെ അനന്തരാവകാശികളും, സ്ഥാപര ജംഗമ വസ്തുക്കളും ഉത്തരവാദികളായിരിക്കുമെന്നും ഞാൻ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഈ സത്യവാങ്മൂലം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് ഉത്തമബോധത്തോടും, വിശ്വാസത്തോടുമാണെന്നും, മറ്റാരുടേയും പ്രേരണയാലോ ഏതെങ്കിലും നടപടികളിൽ നിന്നും താൽക്കാലികമായി ഒഴിവായി കിട്ടുന്നതിനും വേണ്ടിയല്ലെന്നും ഇതിനാൽ സത്യപ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

എന്ന്

(ഒപ്പ്/-)
പേര് :
മേൽ വിലാസം :

ഐ.എൽ.

മോട്ടോർ വാഹന വകുപ്പ്, കേരള